പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2924

02.04.2013 -ൽ മറുപടിയ്ക്ക്

## കൺസ്യൂമർ ഫോറം പ്രസിഡന്റുമാരുടെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കൺസ്യൂമർ ഫോറം പ്രസിഡന്റുമാരുടെ ഒഴിവുകൾ ഉണ്ടോ എന്നും എങ്കിൽ എത്രയെന്നും ഇവ ഓരോന്നും ഏത് തീയതി മുതലാണ് ഒഴിഞ്ഞുകിടക്കുന്നതെന്നും അറിയിക്കാമോ; | (എ) ഉണ്ട്. കാസർഗോഡ് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പ്രസിഡന്റിന്റെ ഒഴിവ് 07.03.2013 മുതൽ നിലവിലുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, കണ്ണൂർ, കോഴിക്കോട്, എറണാകുളം, തൃശ്ശൂർ, ഇടുക്കി, പാലക്കാട് എന്നീ 8 ഫോറങ്ങളുടെ പ്രസിഡന്റുമാരുടെ കാലാവധി ഫെബ്രുവരി 2013 ൽ, 5 വർഷം പൂർത്തിയാകുന്ന മുറക്ക് കഴിഞ്ഞതായി 07.02.2013 ലെ സ.ഉ (കൈ) 4/13/CAD പ്രകാരം ഉത്തരവായെങ്കിലും ഹൈക്കോടതി സ്റ്റേയുടെ അടിസ്ഥാനത്തിൽ ഇവർ തുടരുകയാണ്. |
| (ബി) ഏതെങ്കിലും ജില്ലയിൽ കാലാവധി കഴിഞ്ഞ പ്രസിഡന്റിനെ തുടരുവാൻ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) ഉണ്ട്. കാസർഗോഡ് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിലെ പ്രസിഡന്റിന്, പുതിയ പ്രസിഡന്റ് ചുമതലയേൽക്കുന്നത് വരെ തുടരാൻ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് അനുമതി നൽകിയിട്ടുണ്ട്. കാസർഗോഡ് ഫോറം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായി തുടരുവാൻ വേണ്ടിയാണ് ഇങ്ങനെ അനുവദിച്ചത് എന്നാണ് കമ്മീഷന്റെ ഉത്തരവിൽ സൂചിപ്പിക്കുന്നത്. |

| | |
|---|---|
| (സി) കൺസ്യൂമർ ഫോറം മെമ്പർ മാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്നും അവ എവിടെയെല്ലാമാണെന്നും എപ്പോൾ നികത്തുമെന്നും അറിയിക്കാമോ; | (സി) ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം മെമ്പർമാരുടെ 15 ഒഴിവുകൾ നിലവിലുണ്ട്. |

| ജില്ലയുടെ പേര് | ഒഴിവുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | 1 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 2 |
| കോട്ടയം | 1 |
| ഇടുക്കി | 1 |
| എറണാകുളം | 2 |
| മലപ്പുറം | 1 |
| കോഴിക്കോട് | 1 |
| കണ്ണൂർ | 2 |
| കാസർഗോഡ് | 1 |

ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (ഡി) കൺസ്യൂമർ ഫോറം പ്രസിഡന്റ് മാരുടെ ഒഴിവുകൾ നികത്താ ത്തത് എന്തുകൊണ്ടാ ണെന്നും എപ്പോൾ നികത്തു മെന്നും അറിയിക്കാമോ ? | (ഡി) കാസർഗോഡ് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിലെ പ്രസിഡ ന്റിന്റെ ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ